**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **24-02-2022 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനും ലഘൂകരിക്കുന്നതിനുമായി വിവിധ വകുപ്പുകളെ യോജിപ്പിച്ച് സംസ്ഥാന-ജില്ലാതല ഏകോപന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. 05/01/2021-ൽ ദേശീയ വന്യജീവി ബോർഡിന്റെ 60-ാമത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ശുപാർശ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 06.02.2021-ലെ F.No.8-60/20 WL (Part I) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അഡ്വൈസറി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഏകോപന സമിതികൾ രൂപീകരികരിച്ച് 09.12.2021-ലെ സ.ഉ(സാധാ)402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം പരമാവധി കുറയ്ക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സമിതി സമർപ്പിച്ചിട്ടുണ്ടോ; | (ബി) | വയനാട് ജില്ലയിൽ മാത്രമാണ് ജില്ലാതല ഏകോപന കമ്മിറ്റി മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് (11/02/2022 തീയതിയിൽ). ഇതര ജില്ലകളിലെ ഏകോപന കമ്മിറ്റികളുടെ മീറ്റിംഗുകൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാതല കമ്മിറ്റികളുടെ മീറ്റിംഗിനു ശേഷം സംസ്ഥാനതല സമിതിയുടെ ആദ്യത്തെ മീറ്റിംഗ് നടത്തേണ്ടതുണ്ട്. |
| (സി) | സമിതിയുടെ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വയനാട് ജില്ലയിൽ മാത്രമാണ് ജില്ലാതല ഏകോപന കമ്മിറ്റി മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് (11/02/2022 തീയതിയിൽ). ഇതര ജില്ലകളിലെ ഏകോപന കമ്മിറ്റികളുടെ മീറ്റിംഗുകൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാതല കമ്മിറ്റികളുടെ മീറ്റിംഗിനു ശേഷം സംസ്ഥാനതല സമിതിയുടെ ആദ്യത്തെ മീറ്റിംഗ് നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ